**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3908** **28-06-2024 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കെ-ഫോൺ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനായി ലോക്കൽ നെറ്റ് വർക്ക് പ്രൊവൈഡർമാരെ പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വാണിജ്യ കണക്ഷനുകൾ ലോക്കൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖേനെയാണ് നൽകി വരുന്നത്. കണക്ഷൻ ലഭ്യമായ സർക്കാർ ഓഫീസുകളിൽ കെ-ഫോൺ പ്രാഥമിക കണക്ഷനായി ഉപയോഗിക്കാനുള്ള കർശന നിർദേശം സർക്കാർ നൽകിയിട്ടുണ്ട്. |
| (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ 122 സർക്കാർ ഓഫീസ്/ സ്ഥാപനങ്ങളിലും, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 79 കുടുംബങ്ങൾക്ക് സൗജന്യമായും, 5 ഉപഭോക്താക്കൾക്ക് വാണിജ്യ അടിസ്ഥാനത്തിലും കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ